**ന്യൂനപക്ഷക്ഷേമ ഡയറക്ടറേറ്റ്**
വികാസ് ഭവൻ, തിരുവനന്തപുരം
ടെലിഫോൺ-0471-2300523, 24, 2302090
ഇ-മെയിൽ-director.mwd@gmail.com
വെബ് സൈറ്റ്-www.minoritywelfare.kerala.gov.in

ഭരണ ഭാഷ-മാതൃഭാഷ

നം.MWD/373/2024-S തീയതി.25-02-2025

**വിജ്ഞാപനം**

**2024-25 സാമ്പത്തിക വർഷത്തെ ന്യൂനപക്ഷ മതവിഭാഗത്തിൽപ്പെട്ട വിദ്യാര്‍ത്ഥികള്‍ക്കുള്ള മാർഗ്ഗദീപം സ്കോളർഷിപ്പ് അപേക്ഷ ക്ഷണിച്ചു**

–

2024-25 സാമ്പത്തിക വർഷം **സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ ഒന്നാം തരം മുതൽ എട്ടാം തരം വരെ** പഠിക്കുന്ന ന്യൂനപക്ഷ മതവിഭാഗങ്ങളിലെ (മുസ്ലീം, ക്രിസ്ത്യൻ (എല്ലാ വിഭാഗക്കാരും), സിഖ്, ബുദ്ധ, ജൈന, പാഴ്സി) വിദ്യാർ ത്ഥികൾ ക്ക് **മാർഗ്ഗദീപം സ്കോളർഷിപ്പ്** ജനസംഖ്യാനുപാതികമായി നൽകുന്നതിലേക്കായി സംസ്ഥാന ന്യൂനപക്ഷ ക്ഷേമ വകുപ്പ് അപേക്ഷ ക്ഷണിക്കുന്നു.

കേരളത്തിൽ പഠിക്കുന്ന സ്ഥിര താമസക്കാരായ ന്യൂനപക്ഷ മതവിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കാണ് സ്കോളർഷിപ് നൽകുന്നത്. **₹1,500/- രൂപയാണ് സ്കോളർഷിപ് തുകയായി അനുവദിക്കുന്നത്.** കുടുംബവാർഷിക വരുമാനം ₹1,00,000/- രൂപയിൽ കവിയാൻ പാടില്ല. 30% പെൺകുട്ടികൾക്കായി സംവരണം ചെയ്തിരിക്കുന്നു പെൺകുട്ടികളുടെ അഭാവത്തിൽ ആൺകുട്ടികളെ സ്കോളർഷിപ്പിനായി പരിഗണിക്കുന്നതാണ്.

വെബ്സൈറ്റിൽ (***https://margadeepam.kerala.gov.in)*** ലഭ്യമാകുന്ന അപേക്ഷ ഫോം സ്ഥാപനമേധാവി download ചെയ്ത് വിദ്യാർത്ഥികൾക്ക് ലഭ്യമാക്കേണ്ടതാണ്. വിദ്യാർത്ഥികളിൽ നിന്നും ശേഖരിക്കുന്ന വിവരങ്ങൾ

**മാർഗ്ഗദീപം പോർട്ടലിൽ കൃത്യമായി രേഖപ്പെടുത്തേണ്ടത് സ്ഥാപന മേധാവിയുടെ ചുമതലയാണ്.** അതോടൊപ്പം വിദ്യാർത്ഥികളിൽ നിന്നും മതിയായ എല്ലാ രേഖകളും **(വരുമാന സർട്ടിഫിക്കറ്റ്, മതം/ജാതി സർട്ടിഫിക്കറ്റ്, ബാങ്ക് പാസ് ബുക്ക് പകർപ്പ്, റേഷൻ കാർഡിന്റെ പകർപ്പ്, ആധാറിന്റെ പകർപ്പ്), ബാധകമെങ്കിൽ (ഭിന്നശേഷി സർട്ടഫിക്കറ്റ് (40% നവും അതിനു മുകളിലും വൈകല്യമുള്ള വിഭാഗം), പാഠ്യേതര പ്രവർത്തനങ്ങളിൽ (സ്പോർട്സ് /കല /ശാസ്ത്രം /ഗണിതം) സർട്ടിഫിക്കറ്റ്, അച്ഛനോ/അമ്മയോ/രണ്ടുപേരും മരണപ്പെട്ടിട്ടുണ്ടെങ്കിൽ മരണ സർ ട്ടിഫിക്കറ്റ്)** എന്നിവ കൈപ്പറ്റി സൂക്ഷ്മ പരിശോധന നടത്തി സ്ഥാപനത്തിൽ സൂക്ഷിക്കുകയും ന്യൂനപക്ഷ ക്ഷേമ ഡയറക്ടറേറ്റ് ആവശ്യപ്പെടുമ്പോൾ ലഭ്യമാക്കുകയും ചെയ്യേണ്ടതാണ്. **അപേക്ഷ ഓൺലൈനായി പോർട്ടലിൽ സമർപ്പിക്കേണ്ട അവസാന തീയതി 09/03/2025 വൈകുന്നേരം 5 മണി വരെ.**

<u>മാർഗ്ഗരേഖ</u>

- സ്കൂളിന്റെ സമ്പൂർണ്ണ code മുഖേന സ്ഥാപനമേധാവി പോർട്ടലിൽ ലോഗിൻ ചെയ്യേണ്ടതാണ്.
- ആദ്യതവണ ലോഗിൻ ചെയ്തതിനുശേഷം, സ്ഥാപനമേധാവി പാസ് വേഡ് reset ചെയ്ത് സൂക്ഷിക്കേണ്ടതാണ്.
- ഒന്നാം തരത്തിലെ വിദ്യാർത്ഥികളെ കുടുംബ വാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് തെരഞ്ഞെടുക്കുന്നത്.
- രണ്ടാം തരം മുതൽ എട്ടാം തരം വരെയുള്ള ക്ലാസ്സുകളിലെ വിദ്യാർത്ഥികളുടെ തെരഞ്ഞെടുപ്പ് മാനദണ്ഡം പട്ടികയാക്കി ചുവടെ ചേർക്കുന്നു:

| ക്രമ നം. | വിഭാഗം | മാർക്ക് |
|---|---|---|
| 1 | കുടുംബ വരുമാനം | Formula=(100000-Actual income)/10000 (maximum 10) |
| | | |

| | | |
|---|---|---|
| 2 | സ്പോർട്സ് /കല /ശാസ്ത്രം /ഗണിതം എന്നീ മത്സരങ്ങൾ | (maximum 10) |
| | സംസ്ഥാന തലം - എ ഗ്രേഡ് | 10 |
| | സംസ്ഥാന തലം - ബി ഗ്രേഡ് | 8 |
| | സംസ്ഥാന തലം - സി ഗ്രേഡ് | 5 |
| | റവന്യു ജില്ലാ തലം - എ ഗ്രേഡ് | 8 |
| | റവന്യു ജില്ലാ തലം - ബി ഗ്രേഡ് | 5 |
| | റവന്യു ജില്ലാ തലം - സി ഗ്രേഡ് | 3 |
| | ഉപജില്ല തലം - എ ഗ്രേഡ് | 5 |
| | ഉപജില്ല തലം - ബി ഗ്രേഡ് | 3 |
| | ഉപജില്ല തലം - സി ഗ്രേഡ് | 2 |
| | സ്കൂൾ തലം - എ ഗ്രേഡ് | 3 |
| | സ്കൂൾ തലം - ബി ഗ്രേഡ് | 2 |
| | സ്കൂൾ തലം - സി ഗ്രേഡ് | 2 |
| 3 | അച്ഛനും അമ്മയും അന്തരിച്ച വിദ്യാർത്ഥികൾ (മരണ സർട്ടിഫിക്കറ്റ് ആവശ്യമാണ്) | 4 |
| 4 | അച്ഛനോ അമ്മയോ (ആരെങ്കിലും ഒരാൾ) അന്തരിച്ച വിദ്യാർത്ഥികൾ (മരണ സർട്ടിഫിക്കറ്റ് ആവശ്യമാണ്) | 2 |
| 5 | 40 ശതമാനമോ കൂടുതലോ ശാരീരിക/മാനസിക വൈകല്യമുള്ള വിദ്യാർഥികൾക്ക് (വികലാംഗ സർട്ടിഫിക്കറ്റ് ആവശ്യമാണ്) | 4 |
| | **ആകെ മാർക്ക്** | 30 |

- **സ്ഥാപനമേധാവി സമർപ്പിച്ച വിവരങ്ങളുടെ** കൃത്യത വിദ്യാർത്ഥികൾക്ക് പരിശോധിക്കുന്നതിനായി പോർട്ടലിലുള്ള **Track details menu - വിൽ aadhaar number** നൽകി **view** ചെയ്യാവുന്നതാണ്.

- തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾക്ക് അവരുടെ പേരിൽ ദേശസാൽകൃത ബാങ്കിൽ ആധാർ ബന്ധിപ്പിച്ച അക്കൗണ്ട് ഉണ്ടായിരിക്കണം, കൂടാതെ സ്കോളർഷിപ്പ് തുക ട്രഷറിയിൽ നിന്നും DBT മുഖേന അക്കൗണ്ടിൽ നിക്ഷേപിക്കുന്നതാണ്.
- ഒരു കുടുംബത്തിൽ നിന്നും രണ്ടിൽ കൂടുതൽ വിദ്യാർഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതല്ല. ഈ സ്കീമിനു കീഴിൽ ആനുകൂല്യം ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് മറ്റു സ്കീമുകളിലെ/ സ്കോളർഷിപ്പ് ആനുകൂല്യങ്ങൾ നേടാൻ അനുവാദമില്ല.
- തെറ്റായ പ്രസ്താവനയിലൂടെ ഒരു വിദ്യാർത്ഥി സ്കോളർഷിപ് നേടിയതായി കണ്ടെത്തിയാൽ, ആ വിദ്യാർത്ഥിയുടെ സ്കോളർഷിപ്പ് ഉടനടി റദ്ദാക്കുകയും നൽകിയ സ്കോളർഷിപ്പ് തുക തിരിച്ചുപിടിക്കുന്നതുമാണ്.
- ഏതെങ്കിലും ഒരു ക്ലാസ്സിൽ മതിയായ അപേക്ഷകർ ഇല്ലാത്തപക്ഷം അപേക്ഷകരുള്ള മറ്റു ക്ലാസ്സിലെ വിദ്യാർത്ഥികളെ സ്കോളർഷിപ്പിനായി പരിഗണിക്കുന്നതാണ്.

Signed by
Sudhir K
Date: 25-02-2025 17:20:44

**സുധീർ.കെ.ഐ.എ.എസ്**

ഡയറക്ടർ

## ന്യൂനപക്ഷ ക്ഷേമ വകുപ്പ്

## മാർഗ്ഗദീപം സ്കോളർഷിപ്പ് 2024-2025

### അപേക്ഷ ഫോം

| | |
|---|---|
| വിദ്യാർത്ഥിയുടെ പേര് | |
| ജനന തീയതി | |
| ആൺ/പെൺ | |
| മേൽ വിലാസം | |
| മതം | |
| ആധാർ നമ്പർ | |
| ഫോൺ നമ്പർ | |
| പഠിക്കുന്ന ക്ലാസ്സ് | |
| പിതാവിന്റെ പേര് | |
| മാതാവിന്റെ പേര് | |
| കുടുംബ വാർഷിക വരുമാനം | |
| ബാങ്കിന്റെ പേര് | |

| | |
|---|---|
| | |
| ബ്രാഞ്ചിന്റെ പേര് | |
| അക്കൌണ്ട് നമ്പർ | |
| ഐ എഫ് എസ് കോഡ് | |
| ശാരീരിക/മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥിയാണോ? ഏങ്കിൽ എത്ര ശതമാനം | |
| മാതാവോ/പിതാവോ മരണപ്പെട്ടിട്ടുണ്ടോ? ഉണ്ടെങ്കിൽ വ്യക്തമാക്കുക | |
| പാഠ്യേതര പ്രവർത്തനങ്ങളിൽ പങ്കെടുത്തിട്ടുണ്ടോ (കല/സ്പോർട്സ്/ശാസ്ത്രം/ഗണിതം)? ഉണ്ടെങ്കിൽ വ്യക്തമാക്കുക | |

**അപേക്ഷയോടൊപ്പം വിദ്യാർത്ഥി സമർപ്പിക്കേണ്ട രേഖകൾ**

1. **വരുമാന സർട്ടിഫിക്കറ്റ്**
2. **മതം/ജാതി സർട്ടിഫിക്കറ്റ്**
3. **ബാങ്ക് പാസ് ബുക്ക് പകർപ്പ്**
4. **റേഷൻ കാർഡിന്റെ പകർപ്പ്**
5. **ആധാറിന്റെ പകർപ്പ്**
6. **ബാധകമെങ്കിൽ ഭിന്നശേഷി സർട്ടഫിക്കറ്റ് (40% നവും അതിനു മുകളിലും വൈകല്യമുള്ള വിഭാഗം)**
7. **ബാധകമെങ്കിൽ പാഠ്യേതര പ്രവർത്തനങ്ങളിൽ (സ്പോർട്സ് /കല /ശാസ്ത്രം /ഗണിതം) സർട്ടിഫിക്കറ്റ്**
8. **ബാധകമെങ്കിൽ അച്ഛനോ/അമ്മയോ/രണ്ടുപേരും മരണപ്പെട്ടിട്ടുണ്ടെ ങ്കിൽ മരണ സർട്ടിഫിക്കറ്റ്.**